**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **06-07-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്ത് എത്ര അംഗൻവാടി പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ; | (എ) | **(എ)** കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്ത് 10 ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, നെയ്യാറ്റിൻകര എന്നീ രണ്ട് ട്രെയിനിംഗ് സെന്ററുകളും കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ ഓരോ ട്രെയിനിംഗ് സെന്ററുകൾ വീതവുമാണുള്ളത്. |
| (ബി) | അംഗൻവാടി ജീവനക്കാർക്ക് ശിശുക്ഷേമസമിതിയുടെ കീഴിൽ പരിശീലനപരിപാടി സംഘടിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) അങ്കണവാടി പരിശീലനം ഒരു കേന്ദ്ര പദ്ധതി ആയാണ് നടപ്പിലാക്കി വന്നിരുന്നത്. കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ 10 ട്രെയിനിംഗ് സെന്ററുകൾ വഴിയും 1 മിഡിൽ ലെവൽ ട്രെയിനിംഗ് സെന്റർ വഴിയുമാണ് ട്രെയിനിംഗ് നടപ്പിലാക്കി വന്നിരുന്നത്. എന്നാൽ 2019-20 വർഷത്തിന് ശേഷം സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾ വഴി ട്രെയിനിംഗ് നടത്തുന്നതിന് ഫണ്ട് നല്കുകയില്ലായെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടായിരുന്ന സാഹചര്യത്തിലും തുടർന്നുള്ള വർഷങ്ങളിൽ ട്രെയിനിംഗിന് കേന്ദ്ര അനുമതി ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് മേൽ ട്രെയിനിംഗ് സെന്ററുകൾ തുറന്ന് പ്രവർത്തിയ്ക്കുന്നതിന് അനുമതി നല്കാൻ കഴിയാതിരുന്നത്. കൂടാതെ സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾക്ക് ട്രെയിനിംഗ് നടത്തുന്നതിന് അനുമതി നല്കുകയില്ലായെന്ന് കേന്ദ്ര നിർദ്ദേശം വന്നതിനാൽ വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം അങ്കണവാടി പരിശീലനം നല്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നല്കുകയുണ്ടായി. ആയതിനാലാണ് ശിശുക്ഷേമ സമിതിയുടെ കീഴിലെ ട്രെയിനിംഗ് സെന്ററുകൾ വഴി ട്രെയിനിംഗ് നടത്താൻ കഴിയാതെ വന്നിട്ടുള്ളത്. നിലവിൽ അങ്കണവാടി പരിശീലന പദ്ധതി നിർത്തലാക്കിയിട്ടുള്ളതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ |

| | | | |
|---|---|---|---|
| | | | മുഖാന്തിരം ട്രെയിനിംഗ് നടത്തുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നീ ട്രെയിനിംഗ് സെന്റർ കെട്ടിടങ്ങൾ ട്രെയിനിംഗിന് സജ്ജമാക്കി നല്കുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ട്രെയിനിംഗ് സെന്ററുകൾ ട്രെയിനിംഗിനായി സജ്ജമാക്കി നല്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതാണ്. |
| (സി) | പാലക്കാട് ജില്ലാ പഞ്ചായത്ത് ഒന്നരക്കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച കൊടുവായൂർ ശിശുക്ഷേമ സമിതിയുടെ പരിശീലന കേന്ദ്രം ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | (സി) വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം ട്രെയിനിംഗ് നടത്തുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള പാലക്കാട് കൊടുവായൂർ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള 4 ട്രെയിനിംഗ് സെന്റർ കെട്ടിടങ്ങൾ ട്രെയിനിംഗിന് സജ്ജമാക്കി നല്കുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററുകൾ ട്രെയിനിംഗിനായി സജ്ജമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ